ആയത് ബന്ധപ്പെട്ട നിയമത്തിന് (Section 5(3) of Act 11/1996) വിരുദ്ധമായതിനാൽ നിരസിച്ച് മന്ത്രിസഭായോഗം ഉത്തരവായിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത് പട്ടികജാതി വിഭാഗത്തിലുള്ള ആളുകൾക്ക് വിവിധ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് സർട്ടിഫിക്കറ്റുകൾ കൊടുക്കുമ്പോൾ ഒരു വർഷത്തെ കാലാവധിയെങ്കിലും നൽകുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇപ്പോൾ വിവിധ ആവശ്യങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ അതിൽ ഇന്ന ആവശ്യത്തിനുവേണ്ടിയാണ് നൽകുന്നതെന്ന് രേഖപ്പെടുത്താറുണ്ട്. അത് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രായോഗികമാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(7) പരമ്പരാഗത തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ : സർ, വേമ്പനാട് കായലിൽ പരമ്പരാഗത രീതിയിൽ കക്ക വാരുന്ന നൂറുകണക്കിന് തൊഴിലാളികൾ കഴിഞ്ഞ കുറേ നാളുകളായി നിരന്തരമായ പ്രക്ഷോഭത്തിലാണ്. അവരുടെ ജീവിതമാർഗ്ഗമായ കക്കവാരലിനെ ദ്രോഹിക്കുന്നതരത്തിലുള്ള കക്കസംഭരണം വേമ്പനാട് കായലിന്റെ ആലപ്പുഴ, കോട്ടയം അതിർത്തികളിൽ നടക്കുന്നുവെന്നതിനെത്തുടർന്നുള്ള വിഷയങ്ങളാണ് പ്രക്ഷോഭത്തിനെല്ലാം അടിസ്ഥാനമായിട്ടുള്ളത്. ഇന്ന് യന്ത്രങ്ങളുപയോഗിച്ച് നിയമവിരുദ്ധമായ കക്കവാരൽ ഈ മേഖലകളിൽ നടക്കുകയാണ്. അത്തരം പ്രവർത്തികളെ ചോദ്യംചെയ്യുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികൾ ഇന്ന് വലിയ സംഘർഷത്തിന് വിധേയമാവുകയാണ്. ഒരുപാട് സംഘട്ടനങ്ങളും ഇതിനകം തന്നെ നടന്നുകഴിഞ്ഞു. യന്ത്രങ്ങളുപയോഗിച്ച് നിയമവിരുദ്ധമായി നടത്തുന്ന കക്ക സംഭരണം കായലിന്റെ ആവാസവ്യവസ്ഥയെത്തന്നെ തകിടംമറിക്കുന്നതാണ്. മത്സ്യങ്ങളുടെയും ജലജീവികളുടെയും പ്രജനനത്തിന് ദോഷകരമായിട്ടുള്ള സംഗതികളാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് യന്ത്രങ്ങളുപയോഗിച്ചുകൊണ്ട് നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണത്തെ നിരുത്സാഹപ്പെടുത്താൻ ഗവണ്മെന്റ് അടിയന്തരമായും നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ പോലീസും ബന്ധപ്പെട്ട അധികാരികളും നിസ്സംഗതപാലിക്കുന്നതുമൂലം ആ സംഘർഷങ്ങൾ വളർന്ന് വലുതായിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണമവസാനിപ്പിക്കാൻ അടിയന്തരമായി കോട്ടയം, ആലപ്പുഴ ജില്ലകളിലെ ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥ ഭാരവാഹികളുടെയും തൊഴിലാളി പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി സംഘർഷങ്ങൾ അവസാനിപ്പിക്കാനും നിയമവിരുദ്ധമായി നടക്കുന്ന കക്ക സംഭരണം നിറുത്തിവയ്ക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വേമ്പനാട് കായൽ ഉൾപ്പെടുന്ന കോട്ടയം, ആലപ്പുഴ ജില്ലകളിലെ ബന്ധപ്പെട്ട ഫിഷറീസ് മേധാവിയുടെയും ജില്ലാ കളക്ടറുടെയും നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സൊസൈറ്റികൾക്ക് അവ സ്ഥാപിതമായിട്ടുള്ള വില്ലേജിൽ ഉൾപ്പെടുന്ന കായൽ മേഖലയിൽനിന്ന് കക്ക വാരുന്നതിന് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ലൈസൻസ് നൽകുന്നത്. ഈ സർട്ടിഫിക്കറ്റുകളിലും മൈനിംഗ് പ്ലാനിലും മെക്കാനിക്കൽ ഡ്രഡ്ജർ ഉപയോഗിച്ചോ, മറ്റ് യന്ത്രസാമഗ്രികൾ ഉപയോഗിച്ചോ ഖനനം നടത്തുവാൻ പാടുള്ളതല്ലെന്നും മനുഷ്യ പ്രയത്നത്തിലൂടെ മാത്രമെ കക്കവാരാൻ പാടുള്ളൂവെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില സംഘങ്ങൾ തങ്ങൾക്കനുവദിച്ചിട്ടുള്ള ഖനന മേഖല ലംഘിച്ച് ആലപ്പുഴ ജില്ലയിൽ കടന്നുകയറി പമ്പുസെറ്റും മറ്റ് ഉപകരണങ്ങളുമുപയോഗിച്ച് രാത്രികാലങ്ങളിൽ വൻതോതിൽ കക്ക ഖനനം ചെയ്തതിനെത്തുടർന്ന് ഈ മേഖലയിൽ മനുഷ്യ പ്രയത്നത്തിലൂടെ കക്ക വാരുന്ന തൊഴിലാളികൾ ഇത് തടയുകയും തുടർന്ന് മണ്ണഞ്ചേരി പോലീസ് അനധികൃത ഖനനം നടത്തിയ യന്ത്രസാമഗ്രികൾ, വള്ളങ്ങൾ എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രസാമഗ്രികളുപയോഗിച്ചുകൊണ്ടുള്ള അനിയന്ത്രിതമായ വെള്ള കക്ക ഖനനം കായലിന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും കക്കയുടെയും മത്സ്യങ്ങളുടെയും മറ്റ് ജീവികളുടെയും പ്രജനനത്തേയും വളർച്ചയേയും തടസ്സപ്പെടുത്തുകയും ചെയ്യുവാൻ ഇടവരുത്തുന്നതുമാണ്. കക്കയുടെയും മത്സ്യത്തിന്റെയും ഉൽപ്പാദനക്കുറവ് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുകയും ഇവരുടെ ഉപജീവനം വഴിമുട്ടുവാൻ ഇടയാക്കുന്നതുമാണ്. കായലിന്റെ ജൈവവൈവിധ്യത്തെ തകർക്കുന്ന രീതിയിലുള്ള ഇത്തരം പ്രവണത നിരോധിക്കേണ്ടതായതിനാൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള കക്ക ഖനനം നിരോധിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പിനോടാവശ്യപ്പെട്ടുന്നതാണ്. ഇതാണ് എനിക്ക് എഴുതിക്കിട്ടിയ മറുപടി. പക്ഷെ ഇതുകൊണ്ട് പ്രശ്നം തീരാൻ പോകുന്നില്ല. അതുകൊണ്ട് കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെയും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും വ്യവസായവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കാൻ അടിയന്തരമായി നിർദ്ദേശം നൽകുന്നതാണ്. അവിടെയൊരു , അഭിപ്രായ സമന്വയമുണ്ടാക്കാൻ ശ്രമിക്കാം.